# MARTHOMA L.P.SCHOOL PULLAD

(ANAMALA)


PULLAD P.O,THIRUVALLA,PATHANAMTHITTA

KERALA Pin-689548

Phone:0469-2661333,9446186681


Estd:1910




# ACADEMIC MASTER PLAN 2025-2026

# സ്റ്റാഫ്

| ക്രമ നമ്പർ | പേര് | തസ്തിക | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 1 | തോമസ് മാത്യൂ | ഹെഡ് മാസ്റ്റർ | PDC,TTC, Account Test Higher & KER |
| 2 | റ്റിന ആൻ ജോൺസൺ | എൽ പി എസ് റ്റി | Plus two, D.Ed |
| 3 | ജിൻസി എൽസ തോമസ് | എൽ പി എസ് റ്റി | Plus two, D.Ed |
| 4 | അമൽ വി ജോർജ് | എൽ പി എസ് റ്റി | Plus two, D.El.Ed |
| 5 | രേഖ രാജൻ | പ്രീ പ്രൈമറി അധ്യാപിക | SSLC, PPTTC |
| 6 | ശോഭ ജോസഫ് | പ്രീ പ്രൈമറി അധ്യാപിക | SSLC, PPTTC |

# പി റ്റി എ കമ്മിറ്റി

കൃഷ്ണകുമാർ സി

മാതാ വി വർഗീസ്

അനീഷ് കുമാർ പി.എ

ജോൺസൺ വർഗീസ്

എമിലി ബാബു

അശ്വതി സോമൻ

മഞ്ജു വർഗീസ്

തോമസ് മാത്യു

രേഖ രാജൻ

ടിനു ആൻ ജോൺസൺ

# ഉച്ചഭക്ഷണ കമ്മറ്റി

കൃഷ്ണകുമാർ സി

മാതാ വി വർഗീസ്

ലിജോയ് ബിനോയ് ( വാർഡ് മെമ്പർ )

ആശാ രാഹുൽ

തോമസ് മാത്യു ( ഹെഡ് മാസ്റ്റർ )

ടിനു ആൻ ജോൺസൺ (   ടീച്ചർ ഇൻ ചാർജ്)

രേഖ രാജൻ ( ടീച്ചർ ഇൻ ചാർജ്)

സാവിത്രി ( കുക്ക്)

ബെൻസിയോൻ എം ( സ്കൂൾ ലീഡർ )

# എം. റ്റി. എൽ. പി. സ്കൂൾ പുല്ലാട് അക്കാദമിക മാസ്റ്റർ പ്ലാൻ 2025

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും മികച്ച അക്കാദമിക നിലവാരം ഉറപ്പാക്കുകയും അതിലൂടെ വിദ്യാലയത്തിന്റെ  അക്കാദമികവും ഭൗതികവുമായ നിലവാരം ഉയർത്തുകയുമാണ് ഈ  മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യമിടുന്നത്.

1910 ൽ ആരംഭിച്ച ഈ എയ്ഡഡ് വിദ്യാലയം എം. റ്റി. ആന്റ് ഇ. എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ ഉൾപ്പെടുന്നു. 1980 മുതൽ 90 വരെയുള്ള കാലഘട്ടത്തിൽ കുട്ടികളുടെ എണ്ണം തീരെ കുറവായിരുന്നു. എന്നാൽ ഘട്ടം ഘട്ടമായുള്ള പ്രവർത്തനങ്ങളിലൂടെ ഇന്നിത് എക്കണോമിക് വിദ്യാലയങ്ങളുടെ പട്ടികയിലാണ്. 2025 - 26 വർഷം പ്രീ - പ്രൈമറി യിൽ 48 കുട്ടികളും 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലായി 114 കുട്ടികളും പഠിക്കുന്നു. പ്രഥമാദ്ധ്യാപകൻ ഉൾപ്പടെ 4 അദ്ധ്യാപകരും പ്രീ - പ്രൈറി വിഭാഗത്തിൽ 2 അദ്ധ്യാപകരും *പ്രവർത്തിക്കുന്നു. സജീവമായി പ്രവർത്തിക്കുന്ന അദ്ധ്യാപക രക്ഷാകർതൃ സമിതി, മാതൃ സമിതി എന്നിവ സ്കൂളിനുണ്ട്.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി വിഭാവനം ചെയ്യുന്ന തരത്തിൽ ഈ വിദ്യാലയ ത്തിന്റെ അക്കാദമികവും ഭൗതികവുമായ നിലവാരം ഉയർത്തി പഠിതാക്കൾക്കു ഗുണമേന്മ യുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നു.'

ലക്ഷ്യങ്ങൾ:

1. ക്ലാസ്സ് മുറികളെ പഠന വിഷയങ്ങളുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കും ക്രിയാത്മക പ്രവർത്തനങ്ങൾക്കും ഉള്ള ഇടമാക്കി ഉയർത്തുക.

2. കുട്ടികളുടെ വിലയിരുത്തൽ കൃത്യമായി നടത്തി പിന്തുണ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിലൂടെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുക.

3. രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പിന്തുണ ഉറപ്പാക്കുന്നതിലൂടെ വിദ്യാലയത്തിന്റെനിലവാരം ഉയർത്തുക.

ഗുണഭോക്താക്കൾ : വിദ്യാർത്ഥികൾ

പിന്തുണ :

എസ്. ആർ. ജി.

ക്ലാസ്സ് അധ്യാപകർ

## പൊതുവായ ലക്ഷ്യങ്ങൾ

കേരളീയ സമൂഹത്തിന്റെ കെട്ടുറപ്പും നാം ഇതുവരെ നേടിയ പുരോഗതിയും പൊതുവിദ്യാഭ്യാസ മേഖലയുടെ സംഭാവനയാണ്. ഇതു തുടർന്നു കൊണ്ടു പോകണമെങ്കിൽ കേരളത്തിലെ പൊതുവിദ്യാ ദ്യാസ മേഖല ശക്തിപ്പെടേണ്ടതുണ്ട്. സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ രംഗങ്ങളിൽ ഉയർന്ന നിലവാരം കൈവരിച്ചെങ്കിലേ പൊതുസമൂഹത്തിന്റെ വിശ്വാസം ആർജ്ജിച്ചെടുക്കാൻ കഴിയൂ. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ ഈ വിദ്യാലയത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനപദ്ധതികളുടെ വിശദാംശങ്ങളാണ് ഇതിൽ ചേർത്തിരിക്കുന്നത്. ഈ പ്രവർത്തനങ്ങളുടെ പൊതു ലക്ഷ്യങ്ങൾ താഴെ ചേർത്തിരിക്കുന്നു

1. അക്കാദമിക നിലവാരം പ്രതിഫലിപ്പിക്കുന്നതും അക്കാദമിക നിലവാരം കൈവരിക്കുന്നതിന് ഉപയുക്തവുമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുക.

2. വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുക.

3. വിദ്യാലയത്തെ പരിസ്ഥിതി സൗഹൃദമാക്കുക.

4. കുട്ടികൾക്കു ജീവിത നൈപുണി പരിശീലനം നൽകുക.

5. സമൂഹത്തിന്റെ വിശ്വാസ്യത ആർജ്ജിക്കുകയും നിലനിർത്തുകയും ചെയ്യുക.

6. വിദ്യാലയ മികവുകൾ സമൂഹത്തിന് പ്രയോജനപ്രദമാക്കുക.

# 11.റീഡേഴ്സ് തിയേറ്റർ

മേഖല: അക്കാദമികം

ഉപമേഖല: ഭാഷാശേഷി വികസനം
:കലാപഠനം

ലക്ഷ്യങ്ങൾ

1.എല്ലാ കുട്ടികളുടെയും വായനാനിലവാരം മെച്ചപ്പെടുത്തുക.
2.പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യങ്ങളിലെയും സന്ദർഭങ്ങളെ അവതരിപ്പിക്കുന്നതിലൂടെ ഭാഷാ പഠനം ലഘൂകരിക്കുക.

പ്രവർത്തനങ്ങൾ

ഓരോ ക്ലാസിലെയും പാഠഭാഗത്തിന് അനുയോജ്യമായ ഭാഗങ്ങൾ കണ്ടെത്തി എസ്.ആർ.ജി. യിൽ അവതരിപ്പിക്കുന്നു. പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യ കൃതികളിലെയും സന്ദർഭത്തെ പഠനത്തോടൊപ്പം ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരമൊരുക്കുന്നു. ഭാഷാ പഠനം മുന്നേറ്റത്തിനായി സംഗീതം, ശ്രാവ്യ വായന, ഭാവാത്മക വായന തുടങ്ങിയവ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു. എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുവാനായി ഗ്രൂപ്പായും വ്യക്തിഗതമായും പ്രവർത്തനങ്ങൾ നൽകുന്നു. ക്ലാസുകളിലെ മികച്ച അവതരണങ്ങൾ ബാലസഭയിൽ പൊതുവായി അവതരിപ്പിക്കുന്നു.

ചുമതല

ക്ലാസ് അധ്യാപകർ
വിദ്യാർത്ഥികൾ
എസ്. ആർ. ജി. കൺവീനർ
പ്രധാന അധ്യാപകൻ

# 12.WELCOME ENGLISH

മേഖല : അക്കാദമികം
ഉപമേഖല : ഇംഗ്ലീഷ് ഭാഷ നിലവാരം മെച്ചപ്പെടുത്തുക

ലക്ഷ്യം :ഇംഗ്ലീഷ് ഭാഷ സംസാരിക്കാൻ ഉള്ള ശേഷി വികസിപ്പിക്കൽ

:ലഘു വാക്യങ്ങൾ നിർമ്മിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.

പ്രവർത്തനങ്ങൾ :

എല്ലാ ദിവസവും ക്ലാസ്സിൽ പ്രത്യേക സമയം കണ്ടെത്തി ക്ലാസ് ക്രമീകരിക്കുന്നു. .ദിവസവും ഓരോ വാക്കുകൾ നൽകി അതുമായി ചേർന്ന് വരുന്ന വാക്യങ്ങൾ നിർമ്മിക്കാൻ അവസരം നൽകുന്നു.

ചുമതല

ക്ലാസ് ടീച്ചർ

## 13. വിജ്ഞാനമുത്ത്

മേഖല: അക്കാദമികം

ഉപമേഖല: പൊതുവിജ്ഞാന വികസനം

ലക്ഷ്യങ്ങൾ

1.കുട്ടികളിൽ പൊതുബോധം വളർത്തുക.
2.നമ്മുടെ രാജ്യം, സംസ്ഥാനം, കായികം, ചരിത്രം, ഭൂമിശാസ്ത്രം എന്നിവയെ പറ്റിയുള്ള അറിവ് നേടുക.

പ്രവർത്തനങ്ങൾ

എല്ലാദിവസവും പൊതുവിജ്ഞാനവുമായി ബന്ധപ്പെട്ട ഒരു ചോദ്യം കുട്ടികൾക്ക് നൽകുന്നു. അടുത്ത ദിവസം കുട്ടികൾ ഉത്തരം കണ്ടെത്തി എഴുതിക്കൊണ്ടുവരികയും അതിന്റേതായ പെട്ടിയിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. ശരിയുത്തരം എഴുതിയ കുട്ടികളെ കണ്ടെത്തി അസംബ്ലിയിൽ അനുമോദിക്കുകയും, ഇത് മറ്റു കുട്ടികൾക്ക് ഒരു പ്രചോദനമാവുകയും ചെയ്യുന്നു കൂടാതെ ചോദ്യങ്ങളെ പറ്റിയുള്ള ചർച്ചയും അസംബ്ലിയിൽ നടത്തുന്നു.

ചുമതല

കൺവീനർ
എസ്. ആർ. ജി. കൺവീനർ
പ്രധാന അധ്യാപകൻ

## 4. Good Morning Everybody

മേഖല : അക്കദമികം

ഉപമേഖല: ഇംഗ്ലീഷ് ഭാഷാ നിലവാരം മെച്ചപ്പെടുത്തുക.

ലക്ഷ്യം : എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ

പ്രവർത്തനങ്ങൾ

ആഴ്ചയിൽ 1 ദിവസം ഇംഗ്ലീഷിലുള്ള പൊതു അസംബ്ലി ക്രമീകരിക്കുന്നു. അസംബ്ലിയിൽ ഇംഗ്ലീഷ് പ്രതിജ്ഞ - ഇംഗ്ലീഷ് ഭാഷാ പത്രവായന- ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒരു കുട്ടിയ്ക്ക് പ്രസംഗിക്കുന്നതിനുള്ള അവസരം - ഇംഗ്ലീഷ് Rhyme/Story അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

ചുമതല: SRG കൺവീനർ

## 5. രാമാനുജൻസ് കോർണർ

മേഖല: അക്കാദമികം

ഉപമേഖല: ഗണിത ശേഷി വികസനം

ലക്ഷ്യം: സ്വാഭാവിക അന്തരീക്ഷത്തിൽ ഗണിത ശേഷി വികസിപ്പിക്കുന്നതിനുപയുക്തമായ ഗണിത ലാബിന്റെ രൂപീകരണം.

പ്രവർത്തനങ്ങൾ

ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ ഗണിതപഠനത്തിന് സഹായകമായ ഗണിത പഠനോപകരണങ്ങൾ, ചാർട്ടുകൾ, എന്നിവ ലിസ്റ്റ് ചെയ്യുന്നു. നിലവിലുള്ളവ - വാങ്ങേണ്ടവ നിർമ്മിക്കേണ്ടവ എന്നിങ്ങനെ തരം തിരിച്ച് ലിസ്റ്റ് തയ്യാറാക്കുന്നു.

എസ്.ആർ.ജിയിൽ ചർച്ച ചെയ്ത് വാങ്ങേണ്ടവ വാങ്ങുന്നതിനു തീരുമാനിക്കുന്നു. അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ പഠനോപകരണ നിർമ്മാണ ശില്പശാല സംഘടിപ്പിക്കുന്നു. കുട്ടികൾക്കുപയുക്തമായ തരത്തിൽ സ്കൂളിൽ സ്ഥലം ക്രമീകരിച്ച് ഗണിത ലാബ് ഒരുക്കുന്നു.

ചുമതല: ക്ലാസ് അദ്ധ്യാപകർ

എസ്.ആർ.ജി. കൺവീനർ

ക്ലാസ് പി.റ്റി.എ.

പ്രഥമാദ്ധ്യാപകർ

## 6. എന്റെ ക്ലാസ്, എന്റെ പരീക്ഷണ മുറി

മേഖല: അക്കാദമികം

ഉപമേഖല: ശാസ്ത്ര പോഷണ പരിപാടി

ലക്ഷ്യങ്ങൾ: 1) ശാസ്ത്രപഠനത്തോടു കുട്ടികളിൽ താൽപര്യം ജനിപ്പിക്കുക

2. പരിസര പഠന ശേഷികളുടെ വികസിപ്പിക്കൽ

3. ശാസ്ത്രാന്വേഷണം - തുടർ പ്രവർത്തനമാക്കുക

4. ഓരോ ക്ലാസിലെയും ശാസ്ത്ര മൂലകൾ ഫലപ്രദമാക്കുക

പ്രവർത്തനങ്ങൾ

3,4 ക്ലാസുകളിലെ പരിസരപഠന പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ പഠനോ പകരണങ്ങൾ, ചാർട്ടുകൾ, മാതൃകകൾ എന്നിവ ക്ലാസ് അദ്ധ്യാപകർ ലിസ്റ്റ് ചെയ്യുന്നു. സ്കൂൾ ശേഖരത്തിൽ നിലവിലുള്ളവ - വാങ്ങേണ്ടവ - നിർമ്മിക്കേണ്ടവ എന്നിങ്ങനെ തരംതിരിക്കുന്നു. 3,4 ക്ലാസ്സിലെ അധ്യാപകർ പ്രഥമാദ്ധ്യാപകൻ്റെ നേതൃത്വത്തിൽ പ്രസ്തുത ലിസ്റ്റ് അവതരിപ്പിച്ച് ചർച്ച ചെയ്യുന്നു.

ഓരോ ക്ലാസ്സിനും വേണ്ടവ ക്രമീകരിക്കുന്നു. വാങ്ങേണ്ടവ എസ്.ആർ.ജിയിൽ ചർച്ച ചെയ്തു വാങ്ങുന്നു. രക്ഷിതാക്കളുടെ കൂടി സഹകരണത്തിൽ നിർമ്മിക്കാവുന്നവയും ശേഖരിക്കാവുന്നയും കണ്ടെത്തുകയും നിർമ്മിക്കുകയും ചെയ്യുന്നു.

അവ ക്ലാസ്സിന്റെ മൂലയിൽ കുട്ടികൾക്കു കൂടി കൈകാര്യം ചെയ്യാവുന്ന തരത്തിൽ സുരക്ഷിതമായി ക്രമീകരിക്കുന്നു.

ചുമതല: 3,4 ക്ലാസിലെ അദ്ധ്യാപകർ, പ്രഥമാദ്ധ്യാപകൻ, ക്ലാസ് പി.റ്റി.എ

## 7. ഞാൻ നട്ടും, ഞാൻ നേട്ടും

ഓരോ വീട്ടിലും പച്ചക്കറിത്തോട്ടം

മേഖല: അക്കാദമികം

ഉപമേഖല: സ്കൂളിലും ഓരോ വീട്ടിലും പച്ചക്കറിത്തോട്ടം നിർമ്മിക്കുക.

ലക്ഷ്യങ്ങൾ:

1) പരിസര നിരീക്ഷണശേഷി വികസിപ്പിക്കുക

2) ആരോഗ്യകരമായ ഭക്ഷണരീതി സ്വീകരിക്കുന്നതിന് കുട്ടിയെ സഹായിക്കുക

3. വിഷരഹിത പച്ചക്കറികൃഷി വിദ്യാലയത്തിലും വീട്ടിലും നടപ്പിലാക്കുക

പ്രവർത്തനങ്ങൾ

സ്കൂളിൽ ഹരിതക്ലബ് സ്ഥാപിക്കുന്നു. ഹരിതക്ലബിൻ്റെ നേതൃത്വത്തിൽ കൃഷിഭവൻ്റെ സഹകരണത്തിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു. കുട്ടികളുടെ നേതൃത്വത്തിൽ പരിപാലനം നടപ്പിലാക്കുന്നു.

ഓരോ വീട്ടിലും പച്ചക്കറിത്തോട്ടം ഒരുക്കുന്നതിന് ഉള്ള സാധ്യതകൾ രക്ഷിതാക്കളുമായി ചർച്ച ചെയ്യുന്നു. വിത്തു ശേഖരിക്കലും വിത്തു വിതരണവും നടത്തുന്നു. വീട്ടിൽ പച്ചക്കറിത്തോട്ടം ഒരുക്കുന്നതിന് രക്ഷിതാക്കളുടെ നേതൃത്വത്തിലുള്ള സംഘത്തിന്റെ സഹായം ലഭ്യമാക്കുന്നു.

കുട്ടികൾ പച്ചക്കറിത്തോട്ടത്തിൻ്റെ വിവരങ്ങൾ കുറിപ്പെഴുതി സൂക്ഷിക്കുന്നു. മികച്ച കൃഷിപുസ്തക രചയിതാവിനെയും മികച്ച കുട്ടിക്കർഷകനെയും രക്ഷകർത്താവിനെയും ആദരിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്യുന്നു.

ചുമതല: അദ്ധ്യാപക പ്രതിനിധി

ഹരിതക്ലബ്

## 8. തൊഴിലിന്റെ മഹത്വം

മേഖല: അക്കാദമികം

ഉപമേഖല പ്രവൃത്തി പരിചയ പരിശീലനം

ലക്ഷ്യങ്ങൾ

1) കുട്ടികൾക്കു ജീവിത നൈപുണിപരിശീലനം നൽകുക

പ്രവർത്തനങ്ങൾ

പ്രവൃത്തിപരിചയ പഠനവുമായി ബന്ധപ്പെട്ട വിദഗ്ധരെ പങ്കെടുപ്പിച്ച് അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു. ഒഴിവു സമയങ്ങളിൽ പ്രവൃത്തി പരിചയ പഠനത്തിന്റെ ഭാഗമായി ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സാമഗ്രികൾ നൽകുകയും അവ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനത്തിനുള്ള അവസരം ഒരുക്കുകയും ചെയ്യുന്നു.

നിർമ്മിച്ച ഉൽപന്നങ്ങൾ സ്കൂൾ തലത്തിൽ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും മുന്നിൽ പ്രദർശനം നടത്തുന്നു.

ചുമതല: അദ്ധ്യാപക പ്രതിനിധി

## 9. രുചിയോടെ കരുത്തോടെ

മേഖല : അക്കാദമികം

ഉപമേഖല: പോഷകാഹാര പരിപാടി

ലക്ഷ്യങ്ങൾ : ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ രൂപപ്പെടുത്തുക

സാമൂഹ്യപങ്കാളിത്തത്തോടെ വിഭവശേഖരണവും പങ്കിടലും.

കുട്ടിയുടെ ശാരീരിക- മാനസിക വളർച്ചയിൽ പോഷകാഹാര ലഭ്യത ഉറപ്പു വരുത്തുക

പ്രവർത്തനങ്ങൾ: അദ്ധ്യാപക-രക്ഷാകർതൃസമിതിയുടെ നേതൃത്വത്തിൽ പ്രത്യേക പോഷകാ ഹാര പരിപാടിയുടെ മെനു തയ്യാറാക്കുന്നു.

പോഷകപ്രധാനവും പ്രാദേശികവുമായ വിഭവങ്ങൾ പൊതുപങ്കാളിത്തത്തോടെ ശേഖരി ക്കുന്നു. ലഭ്യതയനുസരിച്ച് കുറഞ്ഞത് ആഴ്ചയിലൊരു ദിവസം മാതൃസമിതിയുടെ നേതൃത്വത്തിൽ പാകം ചെയ്യലും വിതരണം ചെയ്യലും നടത്തുന്നു.

ചുമതല: പ്രധാനാദ്ധ്യാപകൻ

മാതൃസമിതി

## 10. സ്പർശം

മേഖല: അക്കാദമികം

ഉപമേഖല: പഠനപിന്നോക്കാവസ്ഥയുള്ള വിദ്യാർത്ഥികൾക്ക് ആവശ്യമായ പിന്തുണ നൽകൽ

ലക്ഷ്യങ്ങൾ: പഠന പിന്നോക്കാവസ്ഥയുള്ള വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനോപകര ണങ്ങൾ ലഭ്യമാക്കൽ,

പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള ബോധനപ്രക്രിയ ഉറപ്പുവരുത്തൽ

കുട്ടിയിൽ ആത്മവിശ്വാസം രൂപപ്പെടുത്തുകയും മുഖ്യധാരയിലേക്കു കൊണ്ടു വരികയും ചെയ്യുക.

പ്രവർത്തനങ്ങൾ

പഠനപിന്നോക്കാവസ്ഥയുള്ള വിദ്യാർത്ഥികളെ നിരന്തര അടിസ്ഥാനത്തിൽ ലിസ്റ്റ് ചെയ്യുന്നു. ബി.ആർ.സി. തലത്തിലുള്ള റിസോഴ്സ് അദ്ധ്യാപകരുടെ മൂല്യനിർണയത്തിന്റെ നേതൃത്വത്തിൽ പഠനവൈകല്യങ്ങളുടെ സ്വഭാവം നിർണയിക്കുന്നു. ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ ക്ലാസ് അദ്ധ്യാപകർക്കു ലഭ്യമാകുന്നു. എസ്.ആർ.ജിയിലും പി.റ്റി.എ. കമ്മറ്റിയിലും ചർച്ച ചെയ്ത് ആവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള വിഭവശേഖരണം നടത്തുന്നു.

പ്രത്യേക പഠനസമയം നിശ്ചയിച്ച് ആവശ്യമായ പഠന പിന്തുണ ക്ലാസ് അദ്ധ്യാപകർ നൽകുന്നു. പഠനപുരോഗതി രേഖപ്പെടുത്തുന്നു. രക്ഷിതാക്കൾക്ക്

ആവശ്യമായ ബോധവൽ ക്കരണക്ലാസുകൾ സംഘടിപ്പിക്കുകയും പേരൻ്റിംഗ് ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

ചുമതല: ക്ലാസ് അദ്ധ്യാപകർ

പ്രധാന അദ്ധ്യാപകൻ

പി.റ്റി.എ പ്രസിഡന്റ്

## അക്കാദമിക നേട്ടങ്ങൾ

1.എല്ലാ ക്ലാസ്സുകളിലും കുറഞ്ഞത് 20 കുട്ടികൾ

2.70% ൽ കൂടുതൽ കുട്ടികളും മുന്നോക്കം നിൽക്കുന്നു.

3.വായിക്കാനും എഴുതാനും ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നു .

4.കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി പഠന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും കഴിഞ്ഞു .

5.രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്താൻ കഴിഞ്ഞു.

6.പൊതുവിജ്ഞാനം വർധിപ്പിക്കാനായി വേണ്ട പ്രവർത്തങ്ങൾ നടത്തി വരുന്നു.

7.ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്താനായി പ്രത്യേക ക്ലാസുകൾ നൽകി വരുന്നു .

## ഇതര നേട്ടങ്ങൾ

1.കലാ -കായിക -പ്രവൃത്തി പരിചയ മേളകളിൽ വിദ്യാർത്ഥികൾ അഭിമാനാർഹമായ നേട്ടം കൈവരിച്ചു .

2.അഖില കേരളം ബാലജനസഖ്യം ,നല്ലപാഠം പ്രവർത്തനങ്ങൾ എന്നിവയിൽ കുട്ടികളെയും രക്ഷാകർത്താക്കളെയും ഉൾപ്പെടുത്തി സാമൂഹ്യ മനോഭാവം വളർത്തുന്നതിന് കഴിഞ്ഞു .

3.അഭ്യുദയ കാംക്ഷികൾ ,സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തിൽ കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിനു കഴിഞ്ഞു .

4.പഠനയാത്ര ഫീൽഡ് ട്രിപ്പ് എന്നിവ സംഘടിപ്പിക്കുന്നതിനു കഴിഞ്ഞു.

5.പരിസര ശുചിത്വം ,കൃഷി എന്നിവയുമായി കുട്ടികളെ ബന്ധിപ്പിക്കുന്നതിനു കഴിഞ്ഞു.

.

## അക്കാദമികം

### *1. ഹലോ മൈക്ക് ടെസ്റ്റ്...!*

മേഖല അക്കാദമികം

ഉപമേഖല: ഭാഷാശേഷി വികസനം

ലക്ഷ്യങ്ങൾ: 1.കുട്ടികളുടെ മാതൃഭാഷാനിലവാരം ഉയർത്തൽ

ഉപലക്ഷ്യം അക്ഷരങ്ങളുടെയും വാക്കുകളുടെയും ശരിയായ ഉച്ചാരണം കേൾക്കുന്നതിനും മനസ്സിലാക്കുന്നതിനും അവസരം ഒരുക്കുക

2. ഉച്ചാരണശുദ്ധിയോടെ വായിക്കുന്നതിനു കുട്ടിയെ സഹായിക്കുകയും കുട്ടിയിൽ ആത്മവിശ്വാസം വളർത്തുകയും ചെയ്യുക.

നടത്തുന്ന പ്രവർത്തനങ്ങൾ

1. ദൃശ്യ- ശ്രാവ്യ സാങ്കേതിക സഹായത്തോടെ വാക്കുകളുടെയും അക്ഷരങ്ങളുടെയും ശരിയായ ഉച്ചാരണം കേൾക്കുന്നതിനും മനസ്സിലാക്കുന്നതിനും പഠനപ്രവർത്തനത്തോടൊപ്പം അവസരം ഉണ്ടാക്കുക

2. അതിനാവശ്യമായ സങ്കേതങ്ങൾ കണ്ടെത്തുകയും ലഭ്യമല്ലാത്തവ തയ്യാറാക്കുകയും ചെയ്യുന്നു

3. കുട്ടികൾക്ക് സ്വന്തം ഉച്ചാരണം കേൾക്കുന്നതിന് അവസരം ഉണ്ടാക്കുന്നു

4. പത്രവാർത്തകൾ, സ്വന്തം രചനകൾ എന്നിവ സൗഹൃദസദസ്സുകളിൽ അവതരിപ്പിക്കുന്നതിന് അവസരം ഉണ്ടാക്കുന്നു.

5. ഇടവേളകളിൽ ഓഡിയൊ സിസ്റ്റത്തിലൂടെ കുട്ടികളുമായി സംവദിക്കുന്നതിന് അവസരം ഒരുങ്ങുന്നു.

ചുമതല: ക്ലാസ് അധ്യാപകർ
എസ്.ആർ.ജി കൺവീനർ
പ്രധമാദ്ധ്യാപകൻ

## 2. *വായിക്കാം വളരാം*

മേഖല: അക്കാദമികം

ഉപമേഖല: ഭാഷാശേഷി വികസനം

1. കുട്ടികളുടെ വായനാനിലവാരം മെച്ചപ്പെടുത്തുക

2. ഓരോ ക്ലാസിലെയും വായനാമൂല വിപുലപ്പെടുത്തുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക

3. വായനാക്കുറിപ്പുകൾ തയ്യാറാക്കുക

പ്രവർത്തനങ്ങൾ

ഓരോ ക്ലാസ്സിലെയും പാഠഭാഗത്തിന് അനുസൃതമായ അധിക വായനാ സാമഗ്രികൾ ക്ലാസ് അധ്യാപകർ കണ്ടെത്തി എസ്.ആർ.ജി. യിൽ അവതരിപ്പിക്കുന്നു. ആവശ്യമായവ ശേഖരിക്കുകയും തയ്യാറാക്കുകയും ചെയ്യുന്നു. വായനാപുസ്തകങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ച് പുസ്തകങ്ങൾ കുട്ടികൾക്ക് വീടുകളിലേക്ക് നൽകുന്നു. വായിച്ച പുസ്തക ങ്ങളെക്കുറി ച്ചുള്ള കുറിപ്പുകൾ തയ്യാറാക്കി പോർട്ട് ഫോളിയോയിൽ സൂക്ഷിക്കുകയും മികച്ചവയ്ക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു.

ചുമതല

എസ്.ആർ.ജി. കൺവീനർ
**ക്ലാസ് അധ്യാപകർ**
**വിദ്യാർത്ഥികൾ**

## 3. *നാട്ടുമൈന*

**മേഖല: അക്കാദമികം**

**ഉപമേഖല: 1) സർഗ്ഗാത്മക രചനകൾ പ്രസിദ്ധീകരിക്കൽ**

2) പ്രാദേശിക സംസ്കാരം ഉൾക്കൊള്ളുന്നതിനും പൈതൃകഭാഷാ സംസ്കാരം വളർത്തുന്നതിനും സഹായിക്കുക

ലക്ഷ്യം: 1.സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുവാൻ കുട്ടികൾക്ക് അവസരമൊരുക്കുന്നു.

2. കുട്ടികളുടെ രചനകൾ പൊതു സമൂഹവുമായി പങ്കു വയ്ക്കൽ

പ്രവർത്തനങ്ങൾ

പാഠഭാഗവുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങളുടെ ഭാഗമായി രൂപപ്പെടുന്ന സർഗ്ഗാത്മക രചനകൾ ശേഖരിക്കുന്നു. മെച്ചപ്പെട്ടവ തെരഞ്ഞെടുക്കുന്നു. പ്രാദേശിക കഥകൾ, ശൈലികൾ പ്രയോഗങ്ങൾ, പഴംചൊല്ലുകൾ തുടങ്ങിയവ കുട്ടികളുടെ നേതൃത്വത്തിൽ ശേഖരിക്കുന്നു. അധ്യാപകരും കുട്ടികളും ഉൾപ്പെട്ട എഡിറ്റോറിയൽ സമിതി രൂപീകരിച്ച്, തെരഞ്ഞെടുത്തവ ക്ലാസ്സ് അടിസ്ഥാനത്തിലുള്ള പതിപ്പുകളായി തയ്യാറാക്കി പി.റ്റി.എ. യുടെ സഹായത്തോടെ പ്രസിദ്ധീകരിക്കുന്നു.

ചുമതല: ക്ലാസ് അദ്ധ്യാപക
എസ്. ആർ. ജി. കൺവീനർ
ക്ലാസ് തല എഡിറ്റോറിയൽ ബോർഡ്
പി.റ്റി.എ. കമ്മറ്റി

## 14.വായിച്ച വളരാം

ലക്ഷ്യം : കുട്ടികളുടെ വായന പരിപോഷിപ്പിക്കുക.

പ്രവർത്തനത്തിന്റെ വിശദാംശം:

ഓരോ ക്ലാസ്സിന്റെയും നിലവാരം പരിഗണിച്ച്, എല്ലാ ക്ലാസ്സിലെയും കുട്ടികളുടെ വായനാ ശേഷി മെച്ചപ്പെടുത്തുക. ഓരോ ക്ലാസ്സിലെയും കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പദ കാർഡുകൾ, വായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു. വായനക്കാർഡുകൾ ക്ലാസ്സുക ളിൽ ഒരുക്കുന്നു. പഠന പ്രവർത്തനത്തോടു ചേർന്നും ഇത്തരം കാർഡുകൾ ഉപയോഗിച്ച് വിവിധ തരം കളികളിൽ ഏർപ്പെടുന്നതിനു കുട്ടികൾക്ക് അവസരം ഒരുക്കുന്നു. വ്യക്തിഗത മായി വായനക്കാർഡുകൾ തിരഞ്ഞെടുത്തു. വായിക്കുന്നതിനും സംഘ വായനയിലൂടെ സ്വയം മെച്ചപ്പെടുത്തുന്നതിനും അവസരം നൽകുന്നു. പത്രങ്ങൾ, ബാലമാസികകൾ എന്നിവയിൽ നിന്നും വെട്ടിയെടുത്ത പദങ്ങൾ ഒട്ടിച്ച ചേർത്ത് വായനക്കാർഡുകൾ സ്വന്തമായി രൂപപ്പെടു ത്തുന്നതിനുള്ള പരിശീലനം കുട്ടികൾക്കു നൽകുന്നു. അവ ക്ലാസ്സിൽ / ഗ്രൂപ്പിൽ വായിക്കുന്ന തിന് അവസരം ഒരുക്കുന്നു. സ്വയം രൂപപ്പെടുത്തിയ വായനക്കാർഡുകൾ പ്രദർശിപ്പിക്കുന്ന തിനുള്ള കോർണറുകൾ ക്രമീകരിക്കുന്നു. ആഴ്ച തോറും വിലയിരുത്തൽ നടത്തുന്നു.

ചുമതല :

എസ്. ആർ. ജി. കൺവീനർ<br>ക്ലാസ്സ് അധ്യാപകർ

## 15.സ്വന്തം രചനകൾ

ലക്ഷ്യം : കുട്ടികളുടെ ലേഖനം മെച്ചപ്പെടുത്തുക

പ്രവർത്തനത്തിന്റെ വിശദാംശം:

ഓരോ ക്ലാസ്സിന്റെയും നിലവാരം പരിഗണിച്ച്, എല്ലാ ക്ലാസ്സിലെയും കുട്ടികളുടെ ലേഖ നത്തിനുള്ള ശേഷി മെച്ചപ്പെടുത്തുക. ഓരോ ക്ലാസ്സിലെയും കുട്ടികളുടെ നിലവാരത്തിനനു സരിച്ചുള്ള ലേഖന പ്രവർത്തനങ്ങൾ എസ്. ആർ. ജി. തയ്യാറാക്കുന്നു. പദകേളികൾ, വാക്യ കേളികൾ എന്നിവയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങൾ ക്ലാസ്സുകളിൽ ഒരുക്കുന്നു. പഠന പ്രവർത്തനത്തോടു ചേർന്നും ചിത്രകാർഡുകൾ ഉപയോഗിച്ച് വിവിധ തരം കളികളിൽ ഏർപ്പെ ടുന്നതിനു

കുട്ടികൾക്ക് അവസരം ഒരുക്കുന്നു. വ്യക്തിഗതമായി ചിത്രക്കാർഡുകൾ തിരഞ്ഞെടുത്തു ചിത്രവായന നടത്തുന്നതിനും ആശയങ്ങൾ എഴുതി കൈമാറുന്നതിനും സംഘവായ നയിലൂടെ സ്വയം മെച്ചപ്പെടുത്തുന്നതിനും അവസരം നൽകുന്നു. രചനകൾ സ്വന്തമായി രൂപ പ്പെടുത്തുന്നതിനുള്ള പരിശീലനം കുട്ടികൾക്കു നൽകുന്നു. അവ ക്ലാസ്സിൽ/ ഗ്രൂപ്പിൽ അവത രിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു. സ്വയം രൂപപ്പെടുത്തിയ രചനകൾപ്രദർശിപ്പിക്കുന്നതി നുള്ള കോർണറുകൾ ക്രമീകരിക്കുന്നു. ആഴ്ച തോറും വിലയിരുത്തൽ നടത്തുന്നു.

ചുമതല :

എസ്. ആർ. ജി., ക്ലാസ്സ് അധ്യാപകർ

## 16.അമ്മ പറയും കഥകൾ

ലക്ഷ്യം : കുട്ടികളുടെ വായന, ലേഖനം എന്നിവ പരിപോഷിപ്പിക്കുക.
വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം ഉയർത്തുക.

പ്രവർത്തനത്തിന്റെ വിശദാംശം:

ഓരോ ക്ലാസ്സിന്റെയും നിലവാരം പരിഗണിച്ച്, എല്ലാ ക്ലാസ്സിലെയും കുട്ടികളുടെ വായന, ലേഖനം എന്നീ ശേഷികൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രക്ഷിതാക്കളുടെ കൂടി പങ്കാളിത്തത്തോടെ നടത്തുന്ന കഥാവായന, കഥാരചന എന്നിവയാണ് ഇതിൽ ഉൾക്കൊള്ളി ച്ചിരിക്കുന്നത്. അമ്മമാർക്കു പരിചിതമായ കഥകൾ പറയാൻ അവസരം നൽകുന്നു. പ്രസ്തുത കഥകളിൽ നിന്നും തിരഞ്ഞെടുത്ത പദങ്ങൾ, ചിത്രങ്ങൾ എന്നിവ അമ്മ തയ്യാറാക്കുന്നു. പദ ക്കാർഡുകൾ, ചിത്രങ്ങൾ എന്നിവയുടെ സഹായത്തോടെ കുട്ടികൾ സ്വന്തമായി കഥ പറഞ്ഞും എഴുതിയും വികസിപ്പിക്കുന്നു. പഠന പ്രവർത്തനത്തോടു ചേർന്ന് ക്ലാസ് ടീച്ചറിന്റെ നേതൃത്വ ത്തിലും ഇത്തരം കാർഡുകൾ ഉപയോഗിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനു കുട്ടി കൾക്ക് അവസരം ഒരുക്കുന്നു. വ്യക്തിഗതമായി ചിത്രക്കാർഡുകൾ തിരഞ്ഞെടുത്തു വായി ക്കുന്നതിനും സംഘ വായനയിലൂടെ സ്വന്തം രചന മെച്ചപ്പെടുത്തുന്നതിനും അവസരം നൽകു ന്നു. അവ ക്ലാസ്സിൽ / ഗ്രൂപ്പിൽ വായിക്കുന്നതിന് അവസരം ഒരുക്കുന്നു. സ്വയം രൂപപ്പെടുത്തിയ കഥകൾ പതിപ്പുകളാക്കുന്നതിനും അവ പ്രദർശിപ്പിക്കുന്നതിനുള്ള കോർണറുകൾ ക്രമീകരി ക്കുകയും ചെയ്യുന്നു. ആഴ്ച തോറും വിലയിരുത്തൽ നടത്തുന്നു.

ചുമതല:

എസ്. ആർ. ജി.,
ക്ലാസ്സ് അധ്യാപകർ,
ക്ലാസ്സ് പി. റ്റി. എ.

| മേഖല: അക്കാദമികം | | | | | |
|---|---|---|---|---|---|
| | ഉപമേഖല /ലക്ഷ്യം | പ്രവർത്തനങ്ങൾ (സംക്ഷിപ്തം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1 | ഭാഷാശേഷി വികസനം<br>ഭാഷാനിലവാരം ഉയർത്തൽ<br>ഹലോ മൈക്ക് ടെസ്റ്റ്...! | അക്ഷരങ്ങളുടെയും വാക്കുകളുടെയും ഉച്ചാരണം കേൾക്കുന്നതിനും മനസ്സിലാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ദൃശ്യ-ശ്രാവ്യ സാങ്കേതിക സഹായത്തോടെയുള്ള പ്രവർത്തനങ്ങൾ | മദ്ധ്യമം<br>1 വർഷം | ക്ലാസ്<br>അധ്യാപകർ | Nil |
| 2 | വായിക്കാം വളരാം<br>വായനാ നിലവാരം മെച്ചപ്പെടുത്തൽ | അധികവായനാ സാമഗ്രികൾ കണ്ടെത്തൽ, ശേഖരിക്കൽ- സ്വന്തമായി തയ്യാറാക്കൽ- പുസ്തകങ്ങൾ കുട്ടികളുടെ വീട്ടിലേക്ക് -വായനാക്കുറിപ്പ് തയ്യാറാക്കൽ, സമ്മാനം നൽകൽ | ഹ്രസ്വം<br>6 മാസം | എസ്.ആർ.ജി. കൺവീനർ<br>ക്ലാസ് ടീച്ചർ<br>കുട്ടികൾ | Rs. 1000/ ടീച്ചർ ഗ്രാന്റ് അഭ്യുദയകാംക്ഷികളിൽ നിന്നുള്ള സംഭാവന |
| 3 | നാട്ടു മൈന<br>സർഗ്ഗാത്മക രചന പ്രസിദ്ധീകരിക്കൽ | പ്രാദേശിക ഭാഷാസംസ്കാരം ഉൾക്കൊള്ളുന്ന കഥകൾ, ശൈലികൾ ശേഖരിക്കുക- സർഗ്ഗാത്മക രചനകൾ നടത്തുക- സൃഷ്ടികൾ പ്രസിദ്ധീകരിക്കുക | മദ്ധ്യമം<br>1 വർഷം | ക്ലാസ് ടീച്ചർ<br>എസ്.ആർ.ജി. കൺവീനർ<br>പി.റ്റി.എ. കമ്മറ്റി | പരസ്യങ്ങളിലൂടെ തുക കണ്ടെത്തുന്നു |

മേഖല: അക്കാദമികം

| | ഉപമേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ (സംക്ഷിപ്തം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 7 | സ്കൂളിലും ഓരോ വീട്ടിലും പച്ചക്കറി ത്തോട്ടം | പരിസര നിരീക്ഷണശേഷി വികസിപ്പിക്കുക ആരോഗ്യകരമായ ഭക്ഷണരീതി സ്വീകരിക്കുന്നതിന് കുട്ടിയെ സഹായിക്കുക. വിഷരഹിത പച്ചക്കറി വിദ്യാലയത്തിലും വീട്ടിലും ഉൽപ്പാദിപ്പിക്കുക | ഹരിതക്ലബിന്റെ നേതൃത്വത്തിൽ സ്കൂളിലും വീട്ടിലും പച്ചക്കറിത്തോട്ടം ഒരുക്കുന്നതിന് രക്ഷകർത്താക്കളുടെ സഹകരണം ഉറപ്പുവരുത്തുന്നു, കുറിപ്പ് എഴുതൽ- മികച്ച കൃഷിപുസ്തകം - മികച്ച കുട്ടി കർഷകൻ - രക്ഷകർത്താവ് എന്നിവരെ ആദരിക്കൽ. | മദ്ധ്യമം 1 വർഷം | അധ്യാപക പ്രതിനിധി ഹരിതക്ലബ് | Rs. 3000/ |
| 8 | പ്രവൃത്തി പരിചയ പരിശീലനം | കുട്ടികൾക്ക് ജീവിത നൈപുണി പരിശീലനം ചെയ്യാൻ | വിദ്ഗ്ദ്ധരെ പങ്കെടുപ്പിച്ച് പ്രവൃത്തി പരിചയ പരിശീലനം നൽകൽ. ഒഴിവു സമയങ്ങളിൽ ഉൽപന്നങ്ങൾ നിർമ്മിക്കൽ - ഉൽപന്നങ്ങളുടെ പ്രദർശനം | മദ്ധ്യമം 1 വർഷം | അധ്യാപക പ്രതിനിധി | Rs. 5000/ |
| 9 | പോഷകാ ഹാര പരിപാടി | ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ രൂപപ്പെടുത്തുക. കുട്ടിയുടെ ശാരീരിക - മാനസിക വളർച്ചയിൽ പോഷകാഹാരലഭ്യതയും ഉറപ്പുവരുത്തുക. സാമൂഹ്യപങ്കാളിത്തത്തോടെ വിഭവശേഖരണവും പങ്കിടലും. | പോഷക പ്രധാനവും പ്രാദേശികവുമായ വിഭവങ്ങൾ പൊതുപങ്കാളിത്തത്തോടെ സമാഹരിക്കുന്നു- കുറഞ്ഞത് ആഴ്ചയിലൊരു ദിവസം മാതൃസമിതിയുടെ നേതൃത്വത്തിൽ വിതരണം ചെയ്യൽ. | ഹ്രസ്വം 6 മാസം | എച്ച്.എം. മാതൃസമിതി | ആവശ്യമായ സാമ്പത്തികം അഭ്യുദയകാംക്ഷികൾ രക്ഷിതാക്കളുടെ കൂട്ടായ്മ എന്നിവയിൽ നിന്നും കണ്ടെത്തുന്നു |

| | ഉപമേഖല /ലക്ഷ്യം | | പ്രവർത്തനങ്ങൾ (സംക്ഷിപ്തം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 4 | ഇംഗ്ലീഷ് ഭാഷാ നിലവാരം മെച്ചപ്പെടുത്തുക | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ | സ്കൂളിൽ ആഴ്ചയിൽ ഒരുദിവസം ഇംഗ്ലീഷിലുള്ള പൊതു അസംബ്ലി ക്രമീകരിക്കുന്നു. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് പ്രസംഗിക്കാൻ അവസരം Rhyme/story/News Reading അവതരിപ്പിക്കുന്നതിനുള്ള അവസരമൊരുക്കൽ | ഹ്രസ്വം 3 മാസം | എസ്.ആർ.ജി. കൺവീനർ | Nil |
| 5 | ഗണിത ശേഷി വികസനം | സ്വാഭാവിക അന്തരീക്ഷത്തിൽ ഗണിത ശേഷി വികസിപ്പിക്കുന്നതിനു പയുക്തമായ ഗണിതലാബിന്റെ രൂപീകരണം. | ഗണിതപഠനത്തിന് സഹായകമായ ഗണിത പഠനോപകരണങ്ങൾ, കണ്ടെത്തൽ - ശേഖരിക്കൽ - നിർമ്മിക്കൽ - ഗണിതലാബ് ഒരുക്കൽ | മദ്ധ്യമം 1 വർഷം | ക്ലാസ് അധ്യാപകർ എസ്.ആർ.ജി. കൺവീനർ ക്ലാസ് പി.റ്റി.എ. പ്രഥമാദ്ധ്യാപകൻ | Rs. 12000/ |
| 6 | ശാസ്ത്ര പോഷണ പരിപാടി | ശാസ്ത്ര പഠനത്തോടു കുട്ടികളിൽ താൽപര്യം ജനിപ്പിക്കുക<br>പരിസരപഠനശേഷികളുടെ വികസിപ്പിക്കൽ<br>ശാസ്ത്രാന്വേഷണം പ്രോത്സാഹിപ്പിക്കുക<br>ക്ലാസ്സിൽ ശാസ്ത്ര മൂല ഫലപ്രദമാക്കുക | 3,4 ക്ലാസ്സുകളിലെ പരിസരപഠന പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ പഠനോപകരണങ്ങൾ, ചാർട്ടുകൾ - മാതൃകകൾ ക്ലാസിൽ കുട്ടികൾക്ക് കൈകാര്യം ചെയ്യാവുന്ന തരത്തിൽ ക്രമീകരിക്കുന്നു. | മദ്ധ്യമം 1 വർഷം | 3,4 ക്ലാസ് അധ്യാപകർ<br>ക്ലാസ് പി.റ്റി.എ. പ്രഥമാദ്ധ്യാപകൻ | Rs. 8000/ |

മേഖല: അക്കാദമികം

| | ഉപമേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ (സംക്ഷിപ്തം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 10 | പഠന പിന്നോക്കാവസ്ഥയുള്ള വിദ്യാർത്ഥികൾക്ക് പിന്തുണ ഉറപ്പുവരുത്തൽ | CWSN കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കൽ- പരിഹാരബോധനപ്രക്രിയ ഉറപ്പുവരുത്തൽ- ആത്മവിശ്വാസം രൂപപ്പെടുത്തൽ | പഠനപിന്നോക്കാവസ്ഥയുള്ള വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്നു- പ്രസ്തുത കുട്ടികളെ കൈകാര്യം ചെയ്യുന്നതിന് അദ്ധ്യാപകരെ സജ്ജീകരിക്കുന്നു- പ്രത്യേക പഠനസമയം നിശ്ചയിച്ച് പിന്തുണ ക്ലാസ് നൽകുന്നു- രക്ഷകർത്താക്കളെ ബോധവൽക്കരിക്കുന്നു | മദ്ധ്യമം 1 വർഷം | അധ്യാപക പ്രതിനിധി എച്ച്.എം. പിറ്റി.എ. പ്രസിഡന്റ് | BRC അഭ്യുദയ കാംക്ഷികൾ |